സംബന്ധിച്ച് നിയമസമാധാനം സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി യെന്താണും എന്നും അന്നു പരിശോധിക്കാം.

ശ്രീ. പി. കെ. രാഘവൻ : നമ്മുടെ സംസ്ഥാനത്തെ ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് അർഹമായ ഒരു സ്കീമാണ് ഇതെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ ഗൗരി : പണ്ട് കയ്യേറം നടത്തിയിട്ടുള്ളതെല്ലാംതന്നെ വലിയ വലിയ പണക്കാരാണ്. അവരെല്ലാംതന്നെ കയ്യേറ്റം നടത്തിയിട്ട് ആ ഭൂമികൾ വിൽക്കുകയാണു ചെയ്യുന്നതു്. ഈ ഗവണ്മെൻറു വന്നതിനുശേഷം, ഈ ഗവണ്മെൻറു പാവപ്പെട്ടവരോടും ഹരിജനങ്ങളോടും അനുകമ്പ കാണിക്കുന്നുവെന്നു കണ്ടപ്പോൾ പാവപ്പെട്ടവരും ഹരിജനങ്ങളും ഇപ്പോൾ കുറച്ചു കയ്യേറ്റം നടത്തുന്നുണ്ടു്. കയ്യേറ്റം നടത്തുന്നതിന്റെ ഫലമായിട്ട് അർഹതയുള്ളവർക്ക് ഭൂമി കിട്ടുന്നതിനു വലിയ പ്രയാസം ഉണ്ടാകും.

ശ്രീ. ബി. മാധവൻനായർ : 1963 നു ശേഷം മിച്ച ഭൂമി തിട്ടപ്പെടുത്തുന്നതി നാവശ്യമായ നടപടികളും സംസ്ഥാന ഗവണ്മെൻറു സ്വീകരിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ എത്ര മിച്ചഭൂമി ഉണ്ടെന്നു ഗവണ്മെൻറിനു തിട്ടപ്പെടുത്താനും സാധിച്ചിട്ടില്ല. ഇപ്പോൾ ഇവിടെ പരിഗണനയിലിരിക്കുന്ന ലാൻഡ് റിഫോംസ് അമെൻറുമെൻറു ബിൽ പാസായാൽ മിച്ചഭൂമി തിട്ടപ്പെടുത്താനുള്ള മെഷീനറി ഏർപ്പെടുത്താൻ സാധിക്കും, അതിനുവേണ്ടി കാത്തിരിക്കാതെ ഇപ്പോഴുള്ള ബില്ലിലെ വ്യവസ്ഥയനുസരിച്ചും ഭേദഗതി ചെയ്യുന്ന ബില്ലിലെ വ്യവസ്ഥയനുസരിച്ചും സംസ്ഥാനത്തു് എത്ര മിച്ചഭൂമിയുണ്ടെന്നു തിട്ടപ്പെടുത്തുന്നതിനു് അടിയന്തിരമായ ഒരു മെഷീനറി ഏർപ്പെടുത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരി : പഴയ ബില്ലനുസരിച്ച് മിച്ചഭൂമി എത്രയുണ്ടെന്നു തിട്ടപ്പെടുത്താൻ കാലമായിട്ടില്ല. മിച്ചഭൂമി തിട്ടപ്പെടുത്തുന്നതുകൊണ്ടു് കൂടിയാൻ എത്രയോളം വാങ്ങിക്കാമെന്നുള്ളതിനെപ്പറ്റിയുള്ള പ്രൊവിഷൻ നടപ്പിലാക്കണം. ആ പ്രൊവിഷൻ നടപ്പിലാക്കാതെ മിച്ചഭൂമിയെപ്പറ്റി തീരുമാനിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണു് ആ നിയമം ഭേദഗതി ചെയ്യേണ്ടിവന്നതും, ഭേദഗതി ചെയ്തതും. പലരും ആരോപണം ഉന്നയിക്കുന്നു ഈ ഗവണ്മെൻറും ഒന്നും ചെയ്തിട്ടില്ല, ഒന്നും ചെയ്തിട്ടില്ല എന്നു്. ഗവണ്മെൻറിനു് ചെയ്യാൻ സാധിക്കാത്ത ഒന്നും ചെയ്തിട്ടില്ല. ആവശ്യമായ ഭേദഗതികളും എന്താണെന്നു് നോക്കി അതനുസരിച്ചുള്ള നിയമമാണു് കൊണ്ടുവന്നിട്ടുള്ളതു്.

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

* 211. [735] ശ്രീ. എ. വി. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നടപ്പാക്കിയ ശമ്പളപരിഷ്കരണത്തിൽ ഹൈസ്കൂളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കു് നൽകിയിട്ടുള്ള സ്കെയിലും ഫസ്റ്റ് ഗ്രേഡും 1958-ൽ പ്രൈമറി വിഭാഗത്തിൽനിന്നും പ്രൊമോട്ട് ചെയ്ത അല്പം ചില സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കു മാത്രമേ അനുവദിച്ചിട്ടുള്ളു എന്നതു് ശരിയാണോ ;

(ബി) ആണെങ്കിൽ, ഈ ആനുകൂല്യങ്ങളും കൂടുതൽ ഉയർന്ന യോഗ്യതകളോടെ, 1958-നു മുമ്പുതന്നെ മലബാർ പ്രദേശത്തെ ഹൈസ്കൂളുകളിൽ നിയമിതരായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന്മാർക്കും ബാധകമാക്കാതിരിക്കുവാൻ കാരണമെന്തു് ;

(സി) അവർക്കും ഈ ആനുകൂല്യങ്ങളും ലഭിക്കുവാൻ തക്ക നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ശരിയാണ്.

(ബി) ഹൈസ്കൂളുകളിൽ ക്രാഫ്റ്റു ടീച്ചേഴ്സായി റിക്രൂട്ടു ചെയ്ത 90-190 ഗ്രേഡിൽ ഉണ്ടായിരുന്ന ചുരുക്കം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കു മാത്രമേ ഈ ഗ്രേഡ് അനുവദിച്ചിട്ടുള്ളൂ.

(സി) തല്ക്കാലം സാദ്ധ്യമല്ല.

ശ്രീ. എ. വി. കുഞ്ഞമ്പു : സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിനു ശമ്പളപരിഷ്ക്കരണത്തിൽ ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള ഹൈസ്കൂൾ ക്രാഫ്റ്റു അദ്ധ്യാപകർക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളം എല്ലാ ഹൈസ്കൂളുകളിലും നൽകുന്നതിനു എന്താണു വിഷമം ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : 'ബി' യുടെ ഉത്തരത്തിൽ അതാണു പറഞ്ഞിരിക്കുന്നതു്. ഹൈസ്കൂളുകളിൽ ഒരു പ്രത്യേക സ്കെയിലിൽ റിക്രൂട്ടു ചെയ്തിട്ടുള്ള അദ്ധ്യാപകർക്കുമാത്രമേ ഈ ശമ്പളം കൊടുക്കുവാൻ പേകമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളൂ. മറ്റുള്ളവർക്കു കൊടുക്കുവാൻ ഗവണ്മെന്റിന്റെ ഇന്നത്തെ സ്ഥിതിക്കു സാദ്ധ്യമല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സ്റ്റേറ്റിലെ ഗവണ്മെന്റു സ്കൂളുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിനെ പ്രൈവറ്റു സ്കൂളുകളിലെ ടീച്ചേഴ്സിന്റെ ശമ്പളമേ കിട്ടുന്നുള്ളു എന്നും അവ പരിഷ്ക്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ? അതിനെപ്പറ്റി എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ശമ്പളപരിഷ്ക്കരണത്തെ സംബന്ധിച്ചു വേറെ പല നിർദ്ദേശങ്ങളും കിട്ടിയിട്ടുണ്ടു്. പേകമ്മീഷന്റെ ശമ്പള പരിഷ്ക്കാരിപ്പോർട്ടു നടപ്പിലാക്കുകയല്ലാതെ പുതുതായി ശമ്പള പരിഷ്ക്കാരം ഇപ്പോൾ പരിഗണിക്കുന്നതല്ല.

ശ്രീ. എ. കെ. അപ്പു : ഇന്നു കുറച്ചു ടീച്ചേഴ്സിനു മാത്രം ഇതു് അംഗീകരിച്ചു കൊടുക്കുവാൻ വല്ല കാരണവുമുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അന്നത്തെ കല്പനപ്രകാരം പ്ലാൻസ്കീമിൽ ഉൾപ്പെട്ടുത്തിക്കൊണ്ടു്; അവരെ ഉയർന്ന തസ്തികയിലേക്കു് ഉയർത്തുകയാണു് ചെയ്തതു്. ആ നിലയിൽ കുറച്ചദ്ധ്യാപകർ ഉണ്ടു്. അവർക്കുമാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.

ശ്രീ. എ. കെ. അപ്പു : അപ്രകാരമുള്ള ആനുകൂല്യം കുറച്ചദ്ധ്യാപകന്മാർക്കുകൂടി കൊടുക്കുന്ന കാര്യം പരിഗണിച്ചു് അവരെക്കൂടി ഉയർത്തുവാൻ ശ്രമിക്കുമോ?

ശ്രീ. സി എച്ച്. മുഹമ്മദുകോയ : ഇപ്പോൾ അങ്ങനെ വിചാരിക്കുന്നില്ല.

ശ്രീ. എൻ. കെ. ശേഷൻ : ഭാവിയിൽ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിനെ അപ്പോയിന്റു ചെയ്യുന്ന കാര്യത്തിൻ ഗവണ്മെന്റു പുതിയ സമീപനം കൈക്കൊണ്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അതൊന്നും ഈ ചോദ്യത്തിൽ പെടുന്നതല്ല

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇന്നു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഇടയിൽ അവർക്കു ആനുകൂല്യമൊന്നും കിട്ടുന്നില്ല എന്നു വളരെയധികം പരാതിയുണ്ടു്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന്മാർക്കു ആനുകൂല്യം നൽകുന്ന കാര്യത്തിൽ സമഗ്രമായ പഠനം നടത്താൻ ഏർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ ഉറപ്പു പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : തയ്യൽ ടീച്ചേഴ്സിന്റെ കാര്യത്തിൽ മാത്രം കഴിഞ്ഞകാല സർവ്വീസ് നോക്കി സർവീസിൽ പ്രവേശിപ്പിച്ചാൽ മതിയെന്നും മ്യൂസിക് ടീച്ചേഴ്സിന്റെ കാര്യത്തിൽ അതുപാടില്ല എന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : നോട്ടീസ് വേണം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : വരുന്ന അഞ്ചുകൊല്ലത്തേക്ക് അവരെ നിയമിക്കാൻ പാടില്ല എന്ന നിരോധനത്തിനു ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, ഇതു സംബന്ധിച്ച ചോദ്യങ്ങൾ ചോദിച്ചാൽ മാത്രമേ ഉത്തരം പറയുവാൻ സാധിക്കുകയുള്ളൂ; അതിനുള്ള ഫയലുമായി തയാറായി വരാൻ സാധിക്കുകയുള്ളൂ.

ശ്രീ. എൻ. കെ. ശേഷൻ : സൗഹാർദ്ദത്തിന്റെ പേരിൽ അങ്ങനെ വല്ല സമീപനം ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ ?

Mr. Speaker : There is no sauhardham here.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതിന്റെ വിഷമം ഞാൻ പറയാം. ബഹുമാനപ്പെട്ട മെമ്പാന്മാർ ചോദ്യം ചോദിക്കുമ്പോൾ മന്ത്രിമാർ തയാറായി നിയമസഭയിൽ വിവരങ്ങൾ നൽകുകയോ ചില ഉറപ്പുകൾ നൽകുകയോ ചെയ്യുകയാണു്. ആ അവസരത്തിൽ അതിനാവശ്യമായ ഫയലുകൾമാത്രമേ നോക്കി തയാറായിരിക്കുകയുള്ളൂ. മറ്റു വിവരങ്ങൾ ചോദ്യരൂപത്തിൽ വന്നാൽ അങ്ങനെ ഫയൽനോക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് പ്രസക്തങ്ങളല്ലാത്ത ചോദ്യങ്ങൾക്കു്, ആ ചോദ്യത്തിൽ നിന്നും ഉന്നീതമാകുന്ന ചോദ്യങ്ങൾക്കല്ലാതെ ഉത്തരം പറയുവാൻ സാധിക്കാതെ വരുന്നതു്. അതുകൊണ്ടു് അങ്ങനെ മറുപടി പറയുവാൻ സാധിക്കാതെ വരികയാണെങ്കിൽ അതു ആത്മാർത്ഥമില്ലായ്മയായിട്ടോ സൗഹാർദ്ദമില്ലായ്മയായിട്ടോ അനുഭാവമില്ലായ്മയായിട്ടോ കണക്കാക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : പുതിയ സ്കൂൾ അനുവദിച്ചതിന്റെ ഫലമായിട്ടു പല സ്കൂളുകളിലും ഡിവിഷനുകൾ കുറയ്ക്കുകയും അതിന്റെ ഫലമായിട്ടു സ്പെഷ്യൽ അദ്ധ്യാപകരെ കുറയ്ക്കുകയും ചെയ്തതിന്റെ ഫലമായിട്ടു പലർക്കും ജോലി നഷ്ടപ്പെടാൻ ഇടയുണ്ടു്. അവർക്കു വേണ്ട സംരക്ഷണം അവരുടെ ജോലിക്കാര്യത്തിൽ കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, ഇതും ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

English Medium at Schools

* 212. [736] **Shri S. P. Luiz** : Will the Education Minister be pleased to state :

(a) do the Government propose to do away with English medium in Anglo-Indian Schools of Kerala;

(b) If so, has the Hon. Minister, looked into the hardships that would be caused to the students by doing away with English medium at Schools ;

LIBRARY ARCHIVES Kerala Legislative Assembly